ദണ്ഡി സ്മാരകം: സമരഭടന്മാരുടെ പ്രതിമകൾ പൂർത്തിയായി

മുംബൈ: ഗാന്ധിജിയെയും ഗാന്ധിജിക്കൊപ്പം ദണ്ഡിയിലെ കടൽത്തീരത്തേക്ക് മാർച്ചുചെയ്ത 80 സത്യാഗ്രഹ സന്നദ്ധഭടരെയും ആദരിച്ച് ദണ്ഡിയിൽ നിർമിക്കുന്ന ഉപ്പുസത്യാഗ്രഹ ദേശീയസ്മാരകത്തിൽ സ്ഥാപിക്കുന്ന പ്രതിമകളുടെ നിർമാണം പൂർത്തിയായി.

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് സ്വയം സന്നദ്ധരായെത്തിയ ശില്പികളോടൊപ്പം യു.എസ്., ജപ്പാൻ, ടിബറ്റ്, ബർമ, ശ്രീലങ്ക, ബ്രിട്ടൻ തുടങ്ങി വിദേശത്തുനിന്നുമെത്തിയ 50-ഓളം ശില്പികളുടെ നിർമിതികളാണ് ഈ പ്രതിമകൾ ഓരോന്നും. കേരളത്തിൽനിന്ന് നാല് ശില്പികളും രണ്ടുഘട്ടമായി മുംബൈ ഐ.ഐ.ടി.യിലെ ഇൻഡസ്ട്രിയൽ സെൻററിൽ നടന്ന ക്യാമ്പിൽ പങ്കെടുത്തിരുന്നു.

ദണ്ഡിയിൽ ഉപ്പുസത്യാഗ്രഹഭൂമിയിൽ ഒരു തടാകത്തിന് ചുറ്റുമായി തീർക്കുന്ന നടവഴി, ഒരറ്റത്ത് ആകാശത്ത് സൂര്യകിരണങ്ങൾക്കായി ഉയർത്തിയപോലെ ഉയർന്നുനിൽക്കുന്ന രണ്ടുകല്ലുകൾക്കുള്ളിൽ വിടരുന്ന ഉപ്പുപരലുകൾ, ഈ വമ്പൻ പിരമിഡിന് കീഴിൽ പ്രകാശധോരണിയിൽ നമ്മെ ഉറ്റുനോക്കുന്ന ഗാന്ധിജിയുടെ പൂർണകായ ശില്പം, പ്രകാശഗോപുരത്തിലേക്ക് നയിക്കുന്ന തളത്തിൽ ഗാന്ധിജിയാൽ നയിക്കപ്പെടുന്ന 80-ഓളം സന്നദ്ധഭടന്മാരുടെ മാർച്ചുചെയ്യുന്ന രീതിയിലുള്ള വ്യക്തിശില്പങ്ങൾ... നേതാവിനൊപ്പം അനുയായികളെയും ആദരിക്കുന്ന സമാനതകളില്ലാത്ത സ്മാരകമാണ് അടുത്ത വർഷം ദണ്ഡിയിൽ പൂർത്തിയാവുക. ലഭ്യമായ പഴകിയ ഒരു സംഘചിത്രത്തിൽനിന്ന് ഓരോ സ്വാതന്ത്ര്യസമര സേനാനികളെയും തിരിച്ചറിഞ്ഞ് അവരുടെ സവിശേഷതകൾ പ്രതിമയിൽ സ്വരുച്ചേർക്കുന്നതാണ് തങ്ങൾക്കുണ്ടായ ഏറ്റവും വലിയ വെല്ലുവിളിയെന്ന് മുംബൈ സൊസൈറ്റിയുടെ ഇൻഡസ്ട്രിയൽ ഡിസൈൻ സെൻറർ പ്രൊഫസർ കീർത്തി ത്രിവേദി പറഞ്ഞു.

ഗാന്ധിജിയുടെയും ദണ്ഡി സത്യാഗ്രഹ സമരഭടന്മാരുടെയും പ്രതിമകൾ മുംബൈ ഐ.ഐ.ടി.യിൽ പ്രദർശനത്തിൽ

കേരളത്തിൽനിന്ന് നാലുപേരെയാണ് 1930-ലെ സത്യാഗ്രഹത്തിൽ സബർമതിയിൽനിന്ന് ദണ്ഡിയിലേക്ക് മാർച്ചുചെയ്യുന്ന സന്നദ്ധഭടന്മാരുടെ സംഘത്തിലേക്ക് ഗാന്ധിജി തിരഞ്ഞെടുത്തത്. രാഘവൻ, ടൈറ്റസ്, കൃഷ്ണൻ നായർ, ശങ്കരൻ എന്നിങ്ങനെ നാല് യുവാക്കൾ. സംഘചിത്രത്തിൽനിന്ന് ഇവരെ പ്രത്യേകം തിരിച്ചറിയാൻ പൂർണമായി വിജയിച്ചില്ല. ടൈറ്റസിൻെറ കൊച്ചുമകൻ ക്യാമ്പിലെത്തി പ്രതിമാ നിർമാണത്തിന് വേണ്ട സഹായം നൽകി.

ലാളിത്യം, ആത്മാർപ്പണം, സഹകരണം എന്നിങ്ങനെ സ്വയംപര്യാപ്തത ലക്ഷ്യമിടുന്ന ഗാന്ധിജിയുടെ സന്ദേശങ്ങളുടെ മാതൃകയാകും ദണ്ഡിയിലെ ഉപ്പുസത്യാഗ്രഹ സ്മാരകം. 2015-ൽ വീണ്ടും ഉപ്പുസത്യാഗ്രഹമാർച്ച് 24 ദിവസങ്ങളിൽ പുനരാവിഷ്കരിച്ചാകും സ്മാരകം രാഷ്ട്രത്തിനായി സമർപ്പിക്കുക. കൊച്ചിയിൽനിന്ന് ജയൻ പി.കെ., ആലപ്പുഴ പുന്നപ്രയിൽനിന്ന് അജയൻ വി. കാപ്പുങ്ങൽ, അലക്സ് ചാണ്ടി, കൊല്ലം ടി.കെ.എം. എൻജിനീയറിങ് കോളേജിൽനിന്ന് വിരമിച്ച പ്രൊഫ. ആൻറണി ബെൻ എന്നിവരാണ് കേരളത്തിൽ നിന്ന് പ്രതിമാനിർമാണത്തിനെത്തിയത്. കൊച്ചി സ്വദേശിയായ സേതുദാസ് സ്മാരകനിർമിതിയുടെ കോ-ഓർഡിനേറ്ററാണ്.

രാജീവ് വധക്കേസ്

നളിനിയടക്കമുള്ള നാലുപേരെയും വിടരുതെന്ന് കേന്ദ്രം

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയെ വധിച്ച കേസിൽ ജീവപര്യന്തം ശിക്ഷയനുഭവിക്കുന്ന നളിനിയടക്കം നാലുപേരെ വിട്ടയയ്ക്കാനുള്ള തമിഴ്നാട് സർക്കാറിൻെറ തീരുമാനത്തിനെതിരെ കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ.

നളിനി, റോബർട്ട് പയസ്, ജയകുമാർ, രവിചന്ദ്രൻ എന്നിവരെ മോചിപ്പിക്കുന്നത് തടയണമെന്നാണ് തിങ്കളാഴ്ചത്തെ അപേക്ഷയിൽ കേന്ദ്രം ആവശ്യപ്പെട്ടത്. ഈ കേസിൽ മുരുകൻ, ശാന്തൻ, പേരറിവാളൻ എന്നിവരുടെ വധശിക്ഷ സുപ്രീംകോടതി ജീവപര്യന്തമാക്കി കുറച്ചിരുന്നു. ഇവരെ മോചിപ്പിക്കാനുള്ള തമിഴ്നാടിൻെറ തീരുമാനം കോടതി നേരത്തേ തടഞ്ഞു. മറ്റുനാലുപേരുടെ കാര്യത്തിൽ പ്രത്യേകം അപേക്ഷ നൽകാനും നിർദേശിച്ചു. ഇതു പ്രകാരമാണ് വിട്ടയയ്ക്കരുതെന്ന് സർക്കാർ അപേക്ഷിച്ചത്. ഇത് വ്യാഴാഴ്ച കേൾക്കും.

രാജീവ്ഗാന്ധി വധക്കേസിൽ കുറ്റവാളികളായ ഏഴ് പേരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരാതിയാണ് നൽകിയതെന്ന് അഡീഷണൽ സോളിസിറ്റർ ജനറൽ സിദ്ധാർഥ ലൂത്ര കോടതിയെ അറിയിച്ചു. ഇവരെ മോചിപ്പിക്കാനുള്ള തീരുമാനം നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് സർക്കാർ കോടതിയെ കഴിഞ്ഞതവണ അറിയിച്ചിരുന്നു. ഇതിനെത്തുടർന്നാണ് ചീഫ് ജസ്റ്റിസ് പി. സദാശിവം അധ്യക്ഷനായ ബെഞ്ച് മൂന്നുപേരുടെ മോചനം സ്റ്റേ ചെയ്തത്.

ഇതേ നിലപാടാണ് മറ്റുനാലുപേരുടെ കാര്യത്തിലും സർക്കാർ സ്വീകരിച്ചത്.

നാല് പ്രധാന ആയുധ ഇടപാടുകളിൽ തീരുമാനം നീട്ടി

ന്യൂഡൽഹി: സൈന്യത്തെ ആധുനികവത്കരിക്കുന്നതിനുള്ള നാല് പ്രധാന ഇടപാടുകളിൽ പ്രതിരോധവകുപ്പ് തീരുമാനം നീട്ടിവെച്ചു. ഏതാണ്ട് 40,000 കോടി രൂപയുടെ ഇടപാടുകളാണിത്. അതേസമയം, മറ്റൊരു 13,000 കോടിയുടെ ഇടപാടിന് അംഗീകാരം നൽകി. മന്ത്രി എ.കെ. ആൻറണിയുടെ അധ്യക്ഷതയിൽ ചേർന്ന 'ഡിഫൻസ് അക്വിസിഷൻ സമിതി'യുടെ യോഗത്തിലാണ് ഈ തീരുമാനം.

ഭാരം കുറഞ്ഞ 145 ഹൊവിറ്റ്സർ പീരങ്കികൾ, വിവിധോദ്ദേശ ഹെലികോപ്റ്ററുകൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള തീരുമാനമാണ് തത്കാലം മാറ്റിവെച്ചത്. വ്യോമസേനയ്ക്ക് 56 യാത്രാവിമാനങ്ങൾ വാങ്ങാനുള്ള തീരുമാനവും മാറ്റി. 37 വ്യോമത്താവളങ്ങൾ വികസിപ്പിക്കാനുള്ള 1,127 കോടിയുടെ പദ്ധതി, ആകാശത്തുനിന്ന് കരയിലേക്ക് തൊടുക്കാവുന്ന 252 ആയുധങ്ങൾ ഇറക്കുമതി ചെയ്യാനുള്ള പദ്ധതി എന്നിവയ്ക്ക് അംഗീകാരമായിട്ടുണ്ട്.

പ്രകൃതി വാതക വില

അംബാനി ബന്ധം വിശദീകരിക്കാൻ രാഹുലിന് കെജ്രിവാളിൻെറ കത്ത്

സ്വന്തം ലേഖകൻ

ന്യൂഡൽഹി: റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയുമായുള്ള ബന്ധം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് ഉപാധ്യക്ഷൻ രാഹുൽ ഗാന്ധിക്ക് ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കെജ്രിവാൾ കത്തയച്ചു. ഇതേ ആവശ്യമുന്നയിച്ച് ബി.ജെ.പി.യുടെ പ്രധാനമന്ത്രി സ്ഥാനാർഥി നരേന്ദ്ര മോദിക്കും അദ്ദേഹം കത്തയച്ചിരുന്നു.

റിലയൻസിന് നേട്ടമുണ്ടാക്കുംവിധം പ്രകൃതി വാതകവില കൂട്ടാനുള്ള കേന്ദ്ര തീരുമാനത്തിൽ രാഹുൽ മൗനം പാലിക്കുന്നതിനെ കത്തിൽ ചോദ്യം ചെയ്യുന്നു. വാതകവില വർധിപ്പിക്കുന്നതു വഴി സകല സാധനങ്ങൾക്കും വിലകൂടും. എന്നിട്ടും താങ്കളും മോദിയും ഇക്കാര്യത്തിൽ മൗനംപാലിക്കുന്നതെന്താണെന്ന് കെജ്രിവാൾ ചോദിച്ചു.

2000ലാണ് യു.പി.എ. സർക്കാർ റിലയൻസിന് പ്രകൃതിവാതകപ്പാടങ്ങൾ അനുവദിച്ചത്. 17 വർഷത്തേക്ക് സർക്കാറിന് യൂണിറ്റിന് 2.3 ഡോളർ നിരക്കിൽ വാതകം നൽകണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ പല സമയത്തായി വില നാല് ഡോളറിലേറെയാക്കി. ഏപ്രിൽ ഒന്നു മുതൽ വാതകത്തിന് എട്ട് ഡോളർ നൽകാനാണ് തീരുമാനം. ഇതിലൂടെ മുകേഷ് അംബാനിക്ക് 54000 കോടിയുടെ നേട്ടമുണ്ടാകും. ഡൽഹിയുടെ ഒരു വർഷത്തെ ബജറ്റിനേക്കാൾ വലിയ തുകയാണിത്-കത്തിൽ പറയുന്നു. ഇതിനു പകരമായി അംബാനിയിൽ നിന്ന് കോൺഗ്രസിന് എന്തെങ്കിലും നേട്ടമുണ്ടാകുമോ എന്നും ഉണ്ടെങ്കിൽ എന്താണെന്നും കെജ്രിവാൾ ചോദിച്ചു.

താങ്കളും മോദിയും രാജ്യത്തും വിദേശത്തും യാത്ര ചെയ്യാൻ ഹെലികോപ്റ്ററുകളും വിമാനങ്ങളും ഉപയോഗിക്കുന്നു.

ഇത് ആരുടേതാണ്? താങ്കളുടെ ഓരോ റാലിക്കും നിരവധി കോടികൾ ചെലവഴിക്കുന്നതായി പറയുന്നു. ഈ പണം ആരുടേതാണ്? മുകേഷ് അംബാനിയാണോ ഈ പണം നൽകുന്നത്? മന്ത്രിമാരെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരെയും നിശ്ചയിക്കുന്നതിൽ അംബാനിക്ക് പങ്കുണ്ടെന്ന് പറയുന്നു. ഇത് സത്യമാണോ? കെജ്രിവാൾ ചോദിച്ചു.

മുകേഷ് അംബാനിക്ക് ഗ്യാസിന് എട്ട് ഡോളർ നൽകാനുള്ള തീരുമാനം റദ്ദാക്കാൻ താങ്കൾ പറയുമോ? താങ്കൾക്കും കോൺഗ്രസിനും മുകേഷ് അംബാനിയുമായി എന്താണ് ബന്ധം? തിരഞ്ഞെടുപ്പ് പ്രചാരണത്തിന് എത്ര പണം ചെലവാകുന്നുണ്ട്, അത് എവിടെ നിന്ന് വരുന്നു?, നിരവധി മന്ത്രിമാർക്കെതിരെ ആരോപണങ്ങൾ ഉയർന്നിട്ടുണ്ട്, അവർക്ക് ഇത്തവണയും സീറ്റ് നൽകുമോ തുടങ്ങിയ ചോദ്യങ്ങളും കത്തിൽ ഉന്നയിച്ചിട്ടുണ്ട്.

ഡൽഹിയിൽ ഭരണം നടത്താനറിയാത്തവരാണ് അടിസ്ഥാനരഹിതമായ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നതെന്ന് കോൺഗ്രസ് തിരിച്ചടിച്ചു.

എ.എ.പി.യിലെ ഒരു പ്രധാനി മുകേഷ് അംബാനിക്ക് ഓഹരിയുണ്ടായിരുന്ന ഒരു വാർത്താചാനലിൽ മുമ്പ് ജോലി ചെയ്തിരുന്നുവെന്ന് കോൺഗ്രസ് വക്താവ് അഭിഷേക് സിങ്വി കെജ്രിവാളിനെ ഓർമിപ്പിച്ചു.

ഐ.പി.എൽ.: ഷിൻഡെക്കെതിരായ പൊതുതാത്പര്യ ഹർജി സുപ്രീംകോടതി സ്വീകരിച്ചില്ല

ന്യൂഡൽഹി: ഐ.പി.എൽ. വാതുവെപ്പ് കേസന്വേഷണത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി സുശീൽകുമാർ ഷിൻഡെ ഇടപെട്ടെന്ന ആരോപണം അന്വേഷിക്കണമെന്നാവശ്യപ്പെട്ടുള്ള പൊതുതാത്പര്യ ഹർജി സ്വീകരിക്കാൻ സുപ്രീംകോടതി വിസമ്മതിച്ചു. കേസിൽ ഒരു വ്യവസായിയെ ചോദ്യംചെയ്യുന്നതിൽനിന്ന് ഡൽഹി പോലീസിനെ തടഞ്ഞെന്ന ആരോപണവും മുൻ ആഭ്യന്തര സെക്രട്ടറി ആർ.കെ. സിങ് ഉന്നയിച്ചിട്ടുണ്ട്.

ഈ വിഷയത്തിലുള്ള പരാതി ഉചിതമായ വേദിയിൽ ഉന്നയിക്കാൻ ചീഫ് ജസ്റ്റിസ് പി. സദാശിവം ഹർജിക്കാരനോട് നിർദേശിച്ചു. രണ്ടുമാസം മുമ്പ് ബി.ജെ.പി.യിൽ ചേർന്ന ആർ.കെ. സിങ് ചാനലുകൾക്ക് നൽകിയ അഭിമുഖത്തിലാണ് ആരോപണമുന്നയിച്ചത്. ഇതേത്തുടർന്ന് ഒരഭിഭാഷകനാണ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് പൊതുതാത്പര്യ ഹർജി നൽകിയത്.

മോദിക്ക് എൽ.ജെ.പിയുടെ 'ക്ലീൻചിറ്റ്': സഖ്യവിപുലീകരണത്തിന് തീവ്രശ്രമവുമായി ബി.ജെ.പി.

ന്യൂഡൽഹി: ലോക് ജനശക്തി പാർട്ടി (എൽ.ജെ.പി) ബിഹാറിൽ ബി.ജെ.പി.യുമായി അടുക്കുന്നുവെന്ന വാർത്ത പ്രചരിക്കവെ, നരേന്ദ്രമോദിക്ക് 'ക്ലീൻ ചിറ്റു'മായി രാംവിലാസ് പസ്വാൻെറ മകൻ ചിരാഗ് പസ്വാൻ രംഗത്തുവന്നു. 2002-ലെ ഗുജറാത്ത് കലാപത്തിൽ സുപ്രീംകോടതി മോദിയെ കുറ്റവിമുക്തനാക്കിയതാണെന്നും ഇപ്പോൾ അത് ചർച്ച ചെയ്യുന്നതിൽ കാര്യമില്ലെന്നും ചിരാഗ് പറഞ്ഞു.

തിരഞ്ഞെടുപ്പിന് മുന്നോടിയായി ദേശീയ ജനാധിപത്യ സഖ്യം (എൻ.ഡി.എ.) വിപുലീകരണത്തിന് തീവ്രശ്രമം നടത്തുന്ന ബി.ജെ.പി.യുമായി അടുക്കുകയാണ് എൽ.ജെ.പി. എന്ന് പാർട്ടി അധ്യക്ഷൻ പസ്വാൻ നേരത്തേ സൂചനനൽകിയിരുന്നു. എന്നാൽ ലാലുപ്രസാദ് യാദവിൻെറ രാഷ്ട്രീയജനതാദളിലും കോൺഗ്രസിലും സമ്മർദമുണ്ടാക്കി കൂടുതൽ സീറ്റ് നേടാനുള്ള പസ്വാൻെറ തന്ത്രമാണിതിനു പിന്നിലെന്നും വിമർശമുണ്ട്.

കോൺഗ്രസും ആർ.ജെ.ഡിയുമായുള്ള സഖ്യസാധ്യത ഇപ്പോഴുമുണ്ടെന്ന് എൽ.ജെ.പി.യുടെ മറ്റൊരു മുതിർന്ന നേതാവ് വ്യക്തമാക്കി. 40 ലോക്സഭാ സീറ്റുള്ള ബിഹാറിൽ പാർട്ടി 10 സീറ്റാണ് ആവശ്യപ്പെട്ടത്. എന്നാൽ മൂന്നു മാസമായിട്ടും ഇക്കാര്യത്തിൽ ഇരുപാർട്ടികളും തീരുമാനമെടുത്തിട്ടില്ലെന്നാണ് എൽ.ജെ.പി.യുടെ പരാതി.

എൻ.ഡി.എ. സർക്കാറിനും പിന്നീട് ആദ്യ യു.പി.എ. സർക്കാറിനും പിന്തുണനൽകിയ എൽ.ജെ.പി ഇപ്പോൾ യു.പി.എ. സർക്കാറിനെ പുറത്തുനിന്ന് പിന്തുണയ്ക്കുകയാണ്.

അതേസമയം എൻ.ഡി.എ. വിപുലീകരണവുമായി മുന്നോട്ടുപോകുന്ന ബി.ജെ.പി. വ്യാഴാഴ്ച ഡൽഹിയിൽ നിർണായക പാർലമെൻററി ബോർഡ് യോഗം ചേരുന്നുണ്ട്.

എൽ.ജെ.പി. ചന്ദ്രബാബുനായിഡുവിൻെറ തെലുങ്കുദേശം പാർട്ടി (ടി.ഡി.പി)എന്നിവയെ മുന്നണിയിലെത്തിക്കുന്നത് യോഗത്തിൽ ചർച്ചയായേക്കും. വടക്കുകിഴക്കൻ മേഖലയിൽനിന്നുള്ള അസം ഗണപരിഷത്തിനേയും (എ.ജി.പി.) സഖ്യത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമത്തിലാണ് ബി.ജെ.പി.

കഴിഞ്ഞമാസം ചന്ദ്രബാബു നായിഡു ഡൽഹിയിലെത്തി ബി.ജെ.പി. നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. എൻ.ഡി.എയുടെ കൺവീനർ സ്ഥാനമാണ് അന്ന് നായിഡുവിന് വാഗ്ദാനംചെയ്തത്. എന്നാൽ, തെലങ്കാന ബിൽ പാസായ പശ്ചാത്തലത്തിൽ ടി.ഡി.പി. നിലപാടിൽ മാറ്റംവന്നിട്ടുണ്ട്. ബില്ലിനെ പിന്തുണച്ച ബി.ജെ.പി നിലപാട് തുടക്കംമുതൽ ഐക്യആന്ധ്രയ്ക്ക് വേണ്ടി നിലകൊണ്ട നായിഡുവിനെ അസ്വസ്ഥനാക്കുന്നുണ്ട്. കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും നിലവിൽ ടി.ഡി.പി. ബി.ജെ.പിയെ പിന്തുണയ്ക്കാനാണ് സാധ്യത. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചനടത്താൻ ആർ.എസ്.എസ് നേതൃത്വം കഴിഞ്ഞ ദിവസം ദൂതനെ അയച്ചിരുന്നു.

തെലങ്കാനമേഖലയിൽ 20 ശതമാനം വോട്ടുണ്ടെന്നാണ് ബി.ജെ.പി. കണക്കുകൂട്ടുന്നത്. ടി.ഡി.പിക്ക് ഇവിടെ 14 ശതമാനം വോട്ടുണ്ടെന്നും കണക്കാക്കുന്നു. ഈ പശ്ചാത്തലത്തിൽ ഈ സഖ്യം നിർണായകമാകുമെന്നാണ് ബി.ജെ.പി. കരുതുന്നത്. സീമാന്ധ്രമേഖലയിൽ പത്തുശതമാനം വോട്ടാണ് ടി.ഡി.പിക്കുള്ളത്.

വടക്കുകിഴക്കൻ മേഖലയിൽനിന്ന് എ.ജി.പി.യെ കൂട്ടുക വഴി അസമിൽ മികച്ച നേട്ടം കൈവരിക്കാനുവുമെന്നാണ് ബി.ജെ.പി കരുതുന്നത്.

എ.ജി.പി.ക്ക് സംസ്ഥാനത്തുള്ള 15 ശതമാനം വോട്ട് സ്വന്തമാക്കുന്നതോടെ അസമിലെ 14 ലോക്സഭാ സീറ്റുകളിൽ ഒൻപതെണ്ണമെങ്കിലും നേടാനാവുമെന്നും ഇങ്ങനെ മാന്ത്രിക സംഖ്യയായ 272 ലെത്തിക്കാനാവുമെന്നുമാണ് ബി.ജെ.പി. കരുതുന്നത്. എന്തായാലും വ്യാഴാഴ്ച നടക്കുന്ന പാർട്ടി പാർലമെൻററി ബോർഡ് യോഗം നിർണായകമാകും.

എൽ.ജെ.പി.-ബി.ജെ.പി. സഖ്യം: കരുതലോടെ കോൺഗ്രസ്

ന്യൂഡൽഹി: രാംവിലാസ് പസ്വാൻെറ നേതൃത്വത്തിലുള്ള എൽ.ജെ.പി., ബി.ജെ.പി.യോട് അടുക്കുന്നുവെന്ന വാർത്തയെക്കുറിച്ച് കോൺഗ്രസ്സിൻെറ പ്രതികരണം കരുതലോടെ. വർഗീയവിരുദ്ധസഖ്യം വിപുലപ്പെടുത്താൻ എല്ലാ പരിശ്രമവും നടത്തുണ്ടെന്നും പ്രശ്നങ്ങൾ ഉടൻ പരിഹരിക്കപ്പെടുമെന്നുമാണ് കോൺഗ്രസ് വക്താവ് അഭിഷേക് സിങ്വി ഇതേക്കുറിച്ച് പ്രതികരിച്ചത്.

ടി.ആർ.എസ്സുമായുള്ള സഖ്യത്തെക്കുറിച്ചുള്ള ചോദ്യത്തോടും കോൺഗ്രസ് വ്യക്തമായി പ്രതികരിച്ചില്ല. ആന്ധ്രയുടെയും ബിഹാറിൻെറയും കാര്യത്തിൽ ദേശീയ താത്പര്യം മുൻനിർത്തിയുള്ള വിപുല സഖ്യം ഉണ്ടാകുമെന്ന് കോൺഗ്രസ് വക്താവ് പറഞ്ഞു.

ദളിത് നേതാവ് ഉദിത് രാജ് ബി.ജെ.പി.യിൽ

ന്യൂഡൽഹി: പ്രമുഖ ദളിത് നേതാവ് ഉദിത്‌രാജ് തിങ്കളാഴ്ച ബി.ജെ.പി.യിൽ ചേർന്നു. ഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ബി.ജെ.പി. അധ്യക്ഷൻ രാജ്നാഥ് സിങ്ങാണ് ഉദിത്‌രാജിന് അംഗത്വം നൽകിയത്. വരുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിക്കുമെന്നാണ് സൂചന.

ഒരുക്കം ലോക്സഭാ തിരഞ്ഞെടുപ്പ് 2014

കോൺഗ്രസ് ഭരണത്തിൻകീഴിൽ ദളിതരുടെ താത്പര്യങ്ങൾ ഹനിക്കപ്പെട്ടെന്നും ബി.ജെ.പി.യാണ് അവരുടെ ആവശ്യങ്ങളോട് അനുഭാവം കാട്ടുന്നതെന്നും ഉദിത്‌രാജ് പറഞ്ഞു.

ബി.എസ്.പി. നേതാവ് മായാവതിക്കും എ.എ.പി. നേതാവ് അരവിന്ദ് കെജ്രിവാളിനുമെതിരെ അദ്ദേഹം രൂക്ഷവിമർശം നടത്തി.

ഫെഡറൽ സഖ്യത്തിൻെറ നിർണായകയോഗം ഇന്ന്

സ്വന്തം ലേഖകൻ

ന്യൂഡൽഹി: കോൺഗ്രസ്സിനും ബി.ജെ.പി.ക്കും ബദലായി ഇടതുപക്ഷവും മതേതര-ജനാധിപത്യ പാർട്ടികളും ചേർന്ന് രൂപവത്കരിക്കുന്ന ഫെഡറൽ മുന്നണിയുടെ നിർണായകയോഗം ചൊവ്വാഴ്ച നടക്കും. പൊതുതിരഞ്ഞെടുപ്പിന് ദിവസങ്ങൾ ശേഷിക്കേ രാഷ്ട്രീയക്കൂട്ടായ്മയ്ക്ക് അന്തിമരൂപം നൽകുകയായിരിക്കും യോഗത്തിൻെറ ലക്ഷ്യം.

പതിനൊന്ന് പാർട്ടികൾ പാർലമെൻറ്സമ്മേളനത്തിനിടെ യോഗം ചേർന്ന് ഒന്നിച്ചുനീങ്ങാൻ തീരുമാനിച്ചിരുന്നു. ഇതിൻെറ തുടർച്ച കൂടിയാണ് ചൊവ്വാഴ്ചത്തെ യോഗം. നാല് ഇടതുപാർട്ടികൾക്കു പുറമേ ജെ.ഡി.യു., സമാജ്‌വാദി പാർട്ടി, ബിജു ജനതാദൾ, എ.ഐ.എ.ഡി.എം.കെ, ജെ.ഡി-എസ്, അസം ഗണപരിഷത്ത്, ജാർഖണ്ഡ് വികാസ് മോർച്ച എന്നിവയായിരുന്നു 11 പാർട്ടികൾ. പഞ്ചാബിൽ മൻപ്രീത് സിങ് ബാദലിൻെറ പീപ്പിൾസ് പാർട്ടി ഓഫ് പഞ്ചാബ് കൂടി ഇപ്പോൾ ഈ സഖ്യത്തിൽ ചേരാൻ കരാറായതോടെ എണ്ണം പന്ത്രണ്ടായി.

ചൊവ്വാഴ്ച ത്രിപുര ഭവനിൽ നടക്കുന്ന യോഗത്തിൽ ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, ശരത് യാദവ്, ബി.ജെ.ഡി.യിലെ നവീൻ പട്നായിക്, മുൻ പ്രധാനമന്ത്രി ദേവഗൗഡ, എസ്.പി. നേതാവ് മുലായം സിങ് യാദവ്, സി.പി.എം. നേതാക്കളായ പ്രകാശ് കാരാട്ട്, സീതാറാം യെച്ചൂരി, സി.പി.ഐ. നേതാക്കളായ എ.ബി. ബർദൻ, സുധാകർ റെഡ്ഡി, എ.ജി.പി.യിലെ പ്രഫുല്ലകുമാർ മൊഹന്ത, പഞ്ചാബിലെ മൻപ്രീത് ബാദൽ, ജാർഖണ്ഡിലെ ബാബുലാൽ മറാണ്ടി തുടങ്ങിയ മുൻനിര നേതാക്കൾ പങ്കെടുക്കും.

സമാനമനസ്സുള്ള കൂടുതൽ പാർട്ടികൾ തങ്ങൾക്കൊപ്പം ചേരുമെന്നാണ് ഇടതുനേതാക്കൾ നൽകുന്ന സൂചന. ഇനി ആരൊക്കെസഹകരിക്കുമെന്ന് ചൊവ്വാഴ്ചത്തെ യോഗത്തോടെ വ്യക്തമാവും.

രാഷ്ട്രപതി പ്രണബ് മുഖർജിയെ സന്ദർശിച്ചശേഷം ടി.ആർ.എസ്. നേതാവ് ചന്ദ്രശേഖർ റാവുവും എം.പി.മാരും എം.എൽ.എ.മാരും പുറത്തുവരുന്നു

ചന്ദ്രശേഖർ റാവു രാഹുലിനെ സന്ദർശിച്ചു

ന്യൂഡൽഹി: തെലങ്കാനാ രാഷ്ട്ര സമിതി (ടി.ആർ.എസ്) അധ്യക്ഷൻ കെ. ചന്ദ്രശേഖർ റാവു കോൺഗ്രസ് ഉപാധ്യക്ഷൻ രാഹുൽ ഗാന്ധിയെ സന്ദർശിച്ചു. ഞായറാഴ്ച കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധിയെയും ടി.ആർ.എസ്.അധ്യക്ഷൻ സന്ദർശിച്ചിരുന്നു. തെലങ്കാനാ സംസ്ഥാന രൂപവത്കരണബിൽ പാർലമെൻറ് പാസ്സാക്കിയ പശ്ചാത്തലത്തിലാണ് പാർട്ടി അധ്യക്ഷൻ കോൺഗ്രസ് നേതാക്കളെ കണ്ടത്.

ചന്ദ്രശേഖർ റാവു കോൺഗ്രസ് നേതാക്കളെ സന്ദർശിച്ച പശ്ചാത്തലത്തിൽ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സും ടി.ആർ.എസ്സും തമ്മിലുള്ള സഖ്യസാധ്യതകളെക്കുറിച്ച് ചർച്ചകൾ ചൂടുപിടിച്ചിട്ടുണ്ട്. ടി.ആർ.എസ്സിനെ കോൺഗ്രസ്സിൽ ലയിപ്പിക്കുന്നതിനാണ് പാർട്ടി നേതൃത്വം ശ്രമം നടത്തിയത്. എന്നാൽ ലയനത്തിന് ടി.ആർ.എസ്. നേതൃത്വം ഇപ്പോൾ താത്പര്യപ്പെടുന്നില്ല. പകരം കോൺഗ്രസ്സുമായി സീറ്റ്ധാരണയുണ്ടാക്കാനാണ് അവർ തീരുമാനിച്ചിട്ടുള്ളത്.

ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ഭൂരിപക്ഷം സീറ്റുകൾ വിട്ടുകൊടുക്കുക. പകരം നിയമസഭാ തിരഞ്ഞെടുപ്പിൽ തെലങ്കാനയിൽ ഭൂരിപക്ഷം സീറ്റുകൾ ടി.ആർ.എസ്സിന് നൽകുകയും സഖ്യം ജയിച്ചാൽ ചന്ദ്രശേഖർ റാവുവിനെ മുഖ്യമന്ത്രിയാക്കുക എന്ന വാദവുമാണ് ടി.ആർ.എസ്. ഉയർത്തുന്നത്. അതേസമയം തെലങ്കാന രൂപവത്കരണം എന്ന ആവശ്യം സാധിതമായ പശ്ചാത്തലത്തിൽ ടി.ആർ.എസ്., കോൺഗ്രസ്സുമായി യോജിക്കാതെ പ്രത്യേക പാർട്ടിയായി നിൽക്കുന്നതിൽ കാര്യമില്ലെന്ന് കേന്ദ്ര മന്ത്രി സർവേ സത്യനാരായണ പറഞ്ഞു.

കോൺഗ്രസ് പ്രകടനപത്രിക: പി.എഫും പെൻഷനും വാഗ്ദാനം ചെയ്യും

ന്യൂഡൽഹി: രാജ്യത്തെ കൃഷിക്കാർക്ക് പ്രോവിഡൻറ് ഫണ്ട് ഏർപ്പെടുത്തുമെന്ന വാഗ്ദാനം കോൺഗ്രസ് മുന്നോട്ടുവെക്കും. കൃഷിക്കാർക്ക് പെൻഷൻ ഏർപ്പെടുത്താനുള്ള നിർദേശവും പാർട്ടി ഉന്നയിക്കും. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള കോൺഗ്രസ് പ്രകടന പത്രികയിൽ ഇക്കാര്യങ്ങൾ ഉണ്ടാകുമെന്ന് അറിയുന്നു. രാജ്യത്ത് യുവാക്കൾക്ക് കൃഷിയിൽ താത്പര്യം ജനിപ്പിക്കാൻ പദ്ധതി അവിഷ്കരിക്കുക, കൃഷിയിൽ താത്പര്യമുള്ള സ്ത്രീകൾക്ക് അതിന് വേണ്ട പിന്തുണയും സഹായവും നൽകുക, കൃഷിക്കാർക്ക് പാർലമെൻറിലും നിയമനിർമാണ സഭകളിലും സീറ്റ് നൽകുക തുടങ്ങിയ വാഗ്ദാനങ്ങളും 2014-ലെ പൊതുതിരഞ്ഞെടുപ്പിനുള്ള കോൺഗ്രസ് പ്രകടനപത്രിക വാഗ്ദാനം ചെയ്യും.

പ്രകടനപത്രിക തയ്യാറാക്കുന്നതിന് മുന്നോടിയായി പാർട്ടിയുടെ കർഷക സംഘടനകളിൽനിന്നും കാർഷിക രംഗത്ത് പ്രവർത്തിക്കുന്നവരിൽനിന്നും അഭിപ്രായങ്ങൾ തേടാൻ കോൺഗ്രസ് ഉപാധ്യക്ഷൻ രാഹുൽ ഗാന്ധി തിങ്കഴാഴ്ച ഹരിയാണയിലെ ഗന്നോറിൽ യോഗം വിളിച്ചിരുന്നു. രാജ്യത്ത് കോൺഗ്രസ്സിന് കർഷക പോഷകസംഘടന ഉണ്ടാക്കാനും ധാരണയായി. യൂത്ത് കോൺഗ്രസ്, എൻ.എസ്.യു., ഐ.എൻ.ടി.യു.സി. എന്നിവയുടെ മാതൃകയിൽ കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന ശക്തമായ പോഷക സംഘടനയാണ് കോൺഗ്രസ് ലക്ഷ്യമിടുന്നത്. കേരളത്തിൽനിന്ന് കർഷക കോൺഗ്രസ് ഭാരവാഹികളായ സിബി മോനിപ്പള്ളി, ജോർജ് ജേക്കബ്, പി.ഐ. ജയകുമാർ, ബാബുജോസഫ്, പി.ടി. സ്കറിയ എന്നിവർ പങ്കടുത്തു.

പാക്കിസ്ഥാനിൽ നിന്ന് കടത്തിയ 50 കോടിയുടെ ഹെറോയിൻ പിടിച്ചു

അമൃതസർ: ഇന്ത്യ-പാക് അതിർത്തി ഗ്രാമമായ രജതലിൽ നിന്ന് പരിശോധനയ്ക്കിടെ ബി.എസ്.എഫ്. ഭടൻമാർ 50 കോടി വിലമതിക്കുന്ന ഹെറോയിൻ പിടിച്ചെടുത്തു.

പുലർച്ചെ പാക് അതിർത്തി കടന്ന് ഇന്ത്യൻ ഗ്രാമത്തിൽ പ്രവേശിച്ച അജ്ഞാതരായ സംഘമാണ് ലഹരി വസ്തു കടത്തിയത്. അവരോട് കീഴടങ്ങാൻ ആവശ്യപ്പെട്ടെങ്കിലും സേനയ്ക്ക് നേരെ വെടിവെച്ച് സംഘം രക്ഷപ്പെട്ടു.

തുടർന്ന് പ്രദേശത്ത് നടത്തിയ തിരച്ചിലിലാണ് പത്ത് പാക്കറ്റുകളിലായി പത്ത് കിലോ ഹെറോയിൻ കണ്ടെടുത്തത്.

സുനന്ദയ്ക്ക് റഷ്യൻ വിഷം നൽകിയതാണെന്ന് സുബ്രഹ്മണ്യൻ സ്വാമി

ന്യൂഡൽഹി: കേന്ദ്രമന്ത്രി ശശി തരൂരിൻെറ ഭാര്യ സുനന്ദ പുഷ്കറിന് ബലംപ്രയോഗിച്ച് റഷ്യൻ വിഷം നൽകുകയായിരുന്നുവെന്ന് ബി.ജെ.പി. നേതാവ് സുബ്രഹ്മണ്യൻ സ്വാമി. തിങ്കളാഴ്ച ട്വിറ്ററിലാണ് സ്വാമി പുതിയ ആരോപണവുമായി രംഗത്തെത്തിയത്. കഴിഞ്ഞമാസം 17-ന് രാത്രിയാണ് ഡൽഹിയിലെ ഹോട്ടലിൽ സുനന്ദയെ മരിച്ച നിലയിൽ കണ്ടെത്തിയത്.

സുനന്ദയുടെ വയറ് മുതൽ മുകളിലേക്ക് ഗുരുതരമായ പരിക്കുകളുണ്ടായിരുന്നുവെന്നും മൂക്ക് പൊത്തിയശേഷം വായിലൂടെ റഷ്യൻ വിഷം നൽകുകയായിരുന്നുവെന്നുമാണ് സ്വാമിയുടെ ആരോപണം. ഈ വിഷയത്തിൽ പൊതുതാത്പര്യ ഹർജി നൽകുമെന്ന് പിന്നീട് ചാനലിനോട് സ്വാമി പറഞ്ഞു. കേന്ദ്രത്തിൽ നരേന്ദ്ര മോദിയുടേതുപോലെ ഉത്തരവാദിത്വമുള്ള സർക്കാർ വന്നാൽ ഈ വിഷയം താൻ ഉയർത്തും. അല്ലെങ്കിൽ പൊതുതാത്പര്യ ഹർജി നൽകും -സ്വാമി പറഞ്ഞു.

സുനന്ദയുടേത് കൊലപാതകമാണെന്ന് ഡൽഹി പോലീസ്‌വൃത്തങ്ങൾ തന്നോട് പറഞ്ഞിട്ടുണ്ടെന്ന് സ്വാമി അവകാശപ്പെട്ടു.

സ്വാഭാവിക മരണമാണെന്ന് പ്രഖ്യാപിക്കാൻ തരൂരിന് ഇത്രയും താത്പര്യമെന്താണെന്ന് സ്വാമി ചോദിക്കുന്നു. മൃതദേഹത്തിൻെറ ഫോട്ടോകളെല്ലാം നശിപ്പിച്ചു. ഡൽഹി പോലീസിൻെറ അന്വേഷണം മുന്നോട്ടുപോകുന്നില്ല. ഇതൊന്നും ബി.ജെ.പി.യുടെ നിലപാടല്ല. ഇത് പാർട്ടി വിഷയവുമല്ല - സ്വാമി പറഞ്ഞു.

പാക് മാധ്യമപ്രവർത്തക മെഹർ തരാറുമായി ശശി തരൂരിന് ബന്ധമുണ്ടെന്ന് സുനന്ദ ആരോപിച്ച് ദിവസങ്ങൾക്കകമാണ് അവരെ മരിച്ച നിലയിൽ കണ്ടെത്തിയത്.

തരൂരുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വാമി ഇടപെടുന്നത് ആദ്യമല്ല. മയക്കുമരുന്ന് കേസിൽ യു.എ.ഇ.യിൽ പിടിയിലായ മകനെ രക്ഷിക്കാൻ കേന്ദ്രമന്ത്രി സമ്മർദം ചെലുത്തിയെന്ന സ്വാമിയുടെ ആരോപണം നേരത്തേ വിവാദമായിരുന്നു. ഇതിൽ തനിക്ക് ബന്ധമില്ലെന്ന് തരൂർ പറഞ്ഞിരുന്നു.

മായാ കൊഡ്നാനിയുടെ ഇടക്കാലജാമ്യം നീട്ടില്ല

ന്യൂഡൽഹി: 2002-ലെ ഗുജറാത്ത് കലാപത്തോട് അനുബന്ധിച്ച് നരോദ പാട്യയിൽ നടന്ന കൂട്ടക്കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട മുൻമന്ത്രി മായാ കൊഡ്നാനിയുടെ ഇടക്കാലജാമ്യം നീട്ടണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി.

തിങ്കളാഴ്ച ഇടക്കാലജാമ്യം അവസാനിച്ച സാഹചര്യത്തിൽ കീഴടങ്ങാൻ ജസ്റ്റിസുമാരായ എച്ച്.എൽ. ദത്തു, എസ്.എ. ബോബ്ഡെ എന്നിവരടങ്ങുന്ന ബെഞ്ച് നിർദേശിച്ചു. സാധാരണജാമ്യത്തിന് ഗുജറാത്ത് ഹൈക്കോടതിയെ സമീപിക്കാമെന്നും സുപ്രീംകോടതി വ്യക്തമാക്കി.

ആരോഗ്യസ്ഥിതി മോശമാണെന്നും ജയിലിൽ ചികിത്സ ലഭ്യമല്ലെന്നും ചൂണ്ടിക്കാട്ടിയാണ് കൊഡ്നാനി ജാമ്യം നീട്ടണമെന്ന് ആവശ്യപ്പെട്ടത്.

നേരത്തേ ഹൈക്കോടതി രണ്ടുതവണ ഇടക്കാലജാമ്യം നീട്ടി നൽകിയിരുന്നു. മൂന്നാമതും നീട്ടണമെന്ന ആവശ്യം ഹൈക്കോടതി ഫിബ്രവരി എട്ടിന് തള്ളിയിരുന്നു. ഇതിനെ ചോദ്യം ചെയ്താണ് സുപ്രീംകോടതിയിലെത്തിയത്. മൂന്നുമാസത്തേക്കുകൂടി ജാമ്യം നീട്ടണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്.

കൊഡ്നാനി, ബജ്റംഗ്ദൾ നേതാവ് ബാബു ബജ്റംഗി എന്നിവരടക്കം 32 പേരെ നരോദ പാട്യ കൂട്ടക്കൊല ക്കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിച്ചിരുന്നു. കലാപത്തിൻെറ ആണിക്കല്ല് കൊഡ്നാനിയാണെന്ന് ആരോപിച്ച കോടതി, 26 കൊല്ലത്തേക്കാണ് തടവ് വിധിച്ചത്.